**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **27-02-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയിലെ സഹകരണ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന എത്ര സ്ഥാപനങ്ങളാണ് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങൾ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | സഹകരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആശുപത്രി ഉപകരണങ്ങളും സർജിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ അഭാവം സ്വകാര്യമേഖലയുടെ മുന്നേറ്റത്തിന് ഇടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത് പരിഹരിക്കാനും കൂടുതൽ സഹകരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള ആശുപത്രി സഹകരണ സംഘങ്ങളും, നിയമാവലിയിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും നിർമ്മാണം ആരംഭിക്കുന്നതിന് വ്യവസ്ഥയുള്ളതും സാമ്പത്തിക ഭദ്രതയുള്ളതുമായ സഹകരണ സംഘങ്ങളും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽ മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ